# KHM HIGHER SECONDARY SCHOOL VALAKKULAM

SELF EVALUATION JAN-2021

## മലയാളം അടിസ്ഥാനപാഠാവലി

**STD:X.   Time:45 Minutes.   Max.Marks:20**

---

***ഉത്തരമെഴുതുമ്പോൾ മാർക്ക്, സമയം എന്നിവ പരിഗണിക്കണം***

**1**, "അവർ അന്ന് സുഖമായി അത്താഴം കഴിച്ചു, അല്പം താമസിച്ചെന്നു മാത്രം"-

(കോഴിയും കിഴവിയും.)

ഈ വാക്യങ്ങളിൽ കഥയിലെ ചില പ്രധാന സംഭവങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. കണ്ടെത്തി എഴുതുക.

അല്ലെങ്കിൽ

'നമ്മുടെ വേരുകൾ അമ്മയായ ഭൂമിയിൽ തന്നെ' എന്നു പറയാൻ കാരണമെന്ത്?   1×2= 2

***2 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ഓരോന്നിനും 4 മാർക്ക് വീതം***

**2**, ബയനറ്റിന്റെ മൂർച്ച ഭയങ്കരമാണ്; അതിനേക്കാൾ മൂർച്ചയാണ് പത്രത്തിന് എന്ന അഭിപ്രായമാണ് നെപ്പോളിയന് ഉണ്ടായിരുന്നത്. ഈ മൂർച്ച ഇന്നും പത്രത്തിനുണ്ടോ? പത്രം ഇന്ന് ജനപക്ഷത്താണോ നിൽക്കാറ്? പ്രതികരണക്കുറിപ്പെഴുതുക.

അല്ലെങ്കിൽ

'അമ്മയുടെയും മകന്റെയും മനസ്സിൽ മായാതെ കിടക്കുന്ന ഓർമ്മയാണ് അച്ഛൻ' - ഓരോ വിളിയും കാത്ത് എന്ന കഥയുമായി ബന്ധപ്പെടുത്തി ഈ പ്രസ്താവനയെ കുറിച്ച് നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

**3**, 'ഉണ്ട ചോറ് മറക്കരുത് ' എന്ന പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധപ്പെടുത്തി 'കോഴിയും കിഴവിയും' എന്ന കഥയിലെ മത്തായി എന്ന കഥാപാത്രത്തിന്റെ മനോഭാവം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ പ്രമേയം വിശകലനം ചെയ്ത്, 'വാർദ്ധക്യത്തോടുള്ള  സമകാലിക സമൂഹത്തിന്റെ മനോഭാവം' എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.

**4,** "കൊച്ചുചക്കരച്ചി നേരുള്ള മാവാണ്, അവൾ ദോഷം വരുത്തുകയില്ല" . അമ്മയുടെ ഈ വിശ്വാസം ജയിച്ചതെങ്ങനെ? വിശകലന കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

കറുത്ത വാവിൻ നാളിൽ നക്ഷത്ര നിബിഢമായി നിൽക്കുന്ന 'കൊച്ചുചക്കരച്ചി'യെ കുറിച്ചുള്ള വർണ്ണന, മനോഹരമായൊരു വാങ്മയ ചിത്രമാണ് -- വിശകലന കുറിപ്പ് തയ്യാറാക്കുക.

3×4= *12*

**5**, ഓണമുറ്റത്ത് എന്ന കവിതക്ക് ഒരു ആസ്വാദനക്കുറിപ്പ്  എഴുതുക.

അല്ലെങ്കിൽ

സ്നേഹബന്ധങ്ങളിലെ ഊഷ്മളമായ മുഹൂർത്തങ്ങൾ തന്നെയാണ് കുടുംബബന്ധങ്ങളെ കെട്ടുറപ്പുള്ളതാക്കി മാറ്റുന്നത്--- 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗത്തിലെ സന്ദർഭങ്ങൾ ചൂണ്ടിക്കാണിച്ച്  പ്രഭാഷണം തയ്യാറാക്കുക.

1×6= *6*